Little Bites
ലിറ്റിൽ കൈറ്റ്സ്
പി എം എസ് എ ഹയർസെക്കന്ററി സ്കൂൾ
എളങ്കൂർ, മഞ്ചേരി, മലപ്പുറം 676122

Little Bites

സ്കൂൾ മാഗസിൻ 2024-25

ലിറ്റിൽ കൈറ്റ്സ്
പി എം എസ് എ ഹയർസെക്കന്ററി സ്കൂൾ
എളങ്കൂർ, മഞ്ചേരി, മലപ്പുറം 676122

Little Bites

സാങ്കേതിക വിദ്യാ വിസ്ഫോടത്തിലേക്ക് ജനിച്ച് വീണ്, ടച്ച് സ്ക്രീൻ തൊട്ട് തലോടി വളർന്ന് വന്ന തലമുറ എന്ന വിശേഷണമാണ് ഇന്നത്തെ കുട്ടികൾക്ക് രക്ഷിതാക്കളും അധ്യാപകരും ഉൾപ്പെടുന്ന സമൂഹം നൽകിയിട്ടുള്ളത്.
ചരിത്രത്തിലെ വിവിധ വിപ്ലവങ്ങളിലേക്ക് ജനച്ച് വളർന്ന തലമുറകളിലൊന്നായി ഇന്നത്തെ പുതുതലമുറയും രൂപപ്പെടും. ഒന്നും ഒന്നിനോടും മികച്ചതും മോശവുമാകില്ല എന്ന തിരിച്ചറിവിലേക്കെത്തും.
സാങ്കേതിക വിപ്ലവ കാലത്തെ ചില സർഗ്ഗസൃഷ്ടികൾക്കായി ഈ മാഗസിൻ ശ്രമിക്കുന്നു.

വൈഗ ഒ - മാഗസിൻ എഡിറ്റർ

നിർമ്മിത ബുദ്ധിയോ?
അതോ നമ്മുടെ ബുദ്ധിയോ?

ശ്രീരാം സുബ്രഹ്മണ്യൻ കെ എം

ഹോയ്! എന്താ ഒരു ലോകം! പണ്ടൊക്കെ റോബോട്ടിനെ കണ്ടാൽ "അയ്യോ! യന്ത്രമനുഷ്യൻ!" എന്ന് പേടിച്ച് ഓടിപ്പോവുന്ന ആളുകളായിരുന്നു നമ്മൾ. എന്നാൽ ഇന്ന് മൊബൈലിലും കമ്പ്യൂട്ടറിലുമെല്ലാം "നിർമ്മിത ബുദ്ധി" (Artificial Intelligence - AI) നിറഞ്ഞു കവിയുകയാണ്.

"എന്താ ഈ AI?" എന്ന് ചോദിച്ചാൽ, "ആലോചിക്കാനും പഠിക്കാനും കഴിയുന്ന കമ്പ്യൂട്ടർ പ്രോഗ്രാമുകൾ" എന്ന് ഉത്തരം കിട്ടും. പക്ഷേ, ശരിക്കും പറഞ്ഞാൽ ഇതൊരു വലിയ തമാശയാണ്! കാരണം, AIക്ക് സ്വന്തമായിട്ട് ഒന്നുമില്ല. നമ്മൾ മനുഷ്യരുടെ ബുദ്ധിയും വിവരങ്ങളും ഉപയോഗിച്ചാണ് ഈ "നിർമ്മിത ബുദ്ധി" ഉണ്ടാക്കിയിരിക്കുന്നത്.

"ഓഹോ! അപ്പോ AI നമ്മളെക്കാൾ വലിയ ആളാണെന്നാണോ പറയുന്നത്?" എന്ന് ചോദിച്ചാൽ, "അങ്ങനെ തോന്നുന്നു" എന്ന് പറയേണ്ടി വരും. കാരണം, ചില കാര്യങ്ങളിൽ AI നമ്മളെക്കാൾ വേഗത്തിൽ പ്രവർത്തിക്കും, കൂടുതൽ വിവരങ്ങൾ ഓർമ്മയിൽ വെക്കും. ഇതൊക്കെ കാണുമ്പോൾ നമ്മൾ "ഓരോ! AI നമ്മളെ തോൽപ്പിക്കും!" എന്ന് പേടിച്ച് തുടങ്ങും.

പക്ഷേ, ഒരു കാര്യം ഓർക്കണം. AIക്ക് ഒരിക്കലും നമ്മളെപ്പോലെ ചിന്തിക്കാൻ കഴിയില്ല. സ്നേഹം, ദേഷ്യം, സന്തോഷം, സങ്കടം - ഇതൊന്നും AIക്ക് മനസ്സിലാവില്ല. കാരണം, ഇതൊക്കെ മനുഷ്യ സഹജമായ വികാരങ്ങളാണ്. AIക്ക് വിവരങ്ങൾ ശേഖരിക്കാനും വിശകലനം ചെയ്യാനും മാത്രമേ കഴിയൂ.

"എന്നാലും AI ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ടല്ലോ!" എന്ന് നിങ്ങൾ പറഞ്ഞേക്കാം. ശരിയാണ്, AI ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ, അതൊന്നും AIയുടെ സ്വന്തം കഴിവല്ല. നമ്മൾ ഉണ്ടാക്കിയ പ്രോഗ്രാമുകൾ അനുസരിച്ചാണ് AI പ്രവർത്തിക്കുന്നത്.

"അപ്പോ AI വെറും ഒരു പാവയാണെന്നാണോ പറയുന്നത്?" എന്ന് ചോദിച്ചാൽ, "ഏയ്! അങ്ങനെയല്ല" എന്ന് പറയേണ്ടി വരും. AI ഒരുപാട് ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ, അതിന്റെ കഴിവുകൾക്ക് ഒരു പരിമിതിയുണ്ട്.

"അപ്പോ എന്താണ് ശരി? AIയാണോ വലുത്, അതോ നമ്മളാണോ?" എന്ന് ചോദിച്ചാൽ, "രണ്ടും രണ്ടാണ്" എന്ന് പറയേണ്ടി വരും. AIക്ക് അതിന്റേതായ കഴിവുകളുണ്ട്, നമുക്ക് നമ്മുടേതായ കഴിവുകളുണ്ട്.

"എന്നാലും AI നമ്മളെ ഭരിക്കാൻ തുടങ്ങിയാൽ എന്ത് ചെയ്യും?" എന്ന് ചോദിച്ചാൽ, "അതൊരു വലിയ തമാശയായിരിക്കും" എന്ന് പറയേണ്ടി വരും. കാരണം, AIക്ക് നമ്മളെ ഭരിക്കാൻ കഴിയില്ല. നമ്മളാണ് AIയെ ഉണ്ടാക്കിയത്, നമ്മളാണ് അതിനെ നിയന്ത്രിക്കുന്നത്.

"അപ്പോ പേടിക്കേണ്ട കാര്യമില്ലെന്നാണോ പറയുന്നത്?" എന്ന് ചോദിച്ചാൽ, "അത്രയ്ക്ക് പേടിക്കേണ്ട കാര്യമില്ല" എന്ന് പറയാം. പക്ഷേ, AIയുടെ വളർച്ചയെക്കുറിച്ച് നമ്മൾ ശ്രദ്ധിക്കണം. കാരണം, ഭാവിയിൽ AI കൂടുതൽ ശക്തമാവാനുള്ള സാധ്യതയുണ്ട്.

"അപ്പോ AIയെക്കുറിച്ച് എന്താണ് നിങ്ങളുടെ അഭിപ്രായം?" എന്ന് ചോദിച്ചാൽ, "AI ഒരു നല്ല കാര്യമാണ്, പക്ഷേ അത് നമ്മളെക്കാൾ വലുതല്ല" എന്ന് പറയും. നമ്മൾ മനുഷ്യരാണ് ഏറ്റവും വലിയ ബുദ്ധിശാലികൾ. നമ്മുടെ ബുദ്ധിയാണ് എല്ലാത്തിന്റെയും അടിസ്ഥാനം.

എം ടി

ദിൽന

എം.ടി. വാസുദേവൻ നായർ: മലയാള സാഹിത്യത്തിലെ ഇതിഹാസം

മലയാള സാഹിത്യത്തിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച അതുല്യ പ്രതിഭയാണ് എം.ടി. വാസുദേവൻ നായർ. 1933 ജൂലൈ 15-ന് പാലക്കാട് ജില്ലയിലെ കൂടല്ലൂരിൽ ജനിച്ച അദ്ദേഹം, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, സംവിധായകൻ എന്നീ നിലകളിൽ പ്രശസ്തനാണ്.

എം.ടി. വാസുദേവൻ നായർ തന്റെ സാഹിത്യ ജീവിതത്തിൽ നിരവധി നോവലുകളും ചെറുകഥകളും രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രധാന കൃതികൾ ഇവയാണ്:

നാലുകെട്ട്: ഒരു കാലഘട്ടത്തിന്റെ കഥ പറയുന്ന ഈ നോവൽ എം.ടി.യുടെ മാസ്റ്റർപീസുകളിലൊന്നായി കണക്കാക്കപ്പെടുന്നു.

കാലം: മനുഷ്യന്റെ ജീവിതത്തെയും കാലത്തെയും കുറിച്ചുള്ള ചിന്തകൾക്ക് പ്രാധാന്യം നൽകുന്ന നോവലാണിത്.

രണ്ടാമൂഴം: മഹാഭാരതത്തിലെ ഭീമന്റെ കഥയെ പുതിയ രീതിയിൽ അവതരിപ്പിക്കുന്ന ഈ നോവൽ മലയാള സാഹിത്യത്തിലെ ഒരു പ്രധാന കൃതിയാണ്.

അസുരവിത്ത്: ഒരു കുടുംബത്തിന്റെ തകർച്ചയുടെ കഥ പറയുന്ന നോവലാണിത്.

മഞ്ഞ്: ഹിമാചൽ പ്രദേശിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട ഈ നോവൽ പ്രകൃതിയുടെ മനോഹാരിതയും മനുഷ്യന്റെ ഒറ്റപ്പെടലും വരച്ചു കാണിക്കുന്നു.

ഗോപുരത്തിലെ വിളക്ക്: ഒരു ഗ്രാമത്തിലെ ജീവിതത്തെയും മനുഷ്യബന്ധങ്ങളെയും കുറിച്ച് പറയുന്ന നോവലാണിത്.

ഈ നോവലുകൾക്ക് പുറമേ, നിരവധി ചെറുകഥകളും എം.ടി. രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കഥകൾ ലളിതവും മനോഹരവുമാണ്, കൂടാതെ മനുഷ്യബന്ധങ്ങളുടെ ആഴവും സങ്കീർണതയും അവയിൽ പ്രതിഫലിക്കുന്നു.

എം.ടി. വാസുദേവൻ നായർ മലയാള സിനിമയ്ക്കും വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. അദ്ദേഹം നിരവധി സിനിമകൾക്ക് തിരക്കഥ എഴുതിയിട്ടുണ്ട്, അവയിൽ ചിലത് താഴെക്കൊടുക്കുന്നു:

ഓളവും തീരവും

ബന്ധനം

വളയം

നിർമ്മാല്യം

കൂടണഞ്ഞ്

ഒരു വടക്കൻ വീരഗാഥ

പരിണയം

ഈ സിനിമകൾക്ക് പുറമേ, ചില സിനിമകൾ അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്. 1983-ൽ പുറത്തിറങ്ങിയ "നിർമ്മാല്യം" ആണ് അദ്ദേഹം സംവിധാനം ചെയ്ത പ്രധാന സിനിമകളിൽ ഒന്ന്.

പുരസ്കാരങ്ങൾ:

എം.ടി. വാസുദേവൻ നായർക്ക് നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. അവയിൽ ചിലത് ഇവയാണ്:

ജ്ഞാനപീഠം

പത്മഭൂഷൺ

കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്



ചാറ്റ് ബോട്ട്

വിപിൻ കൃഷ്ണ എ കെ



ഒരു ദിവസം, ഒരു ചാറ്റ് ബോട്ടിന് അതിന്റെ ജീവിതത്തിലെ ഏറ്റവും തിരക്കുള്ള ദിവസമായിരുന്നു. ആളുകൾ അതിനോട് എന്തൊക്കെയോ ചോദ്യങ്ങൾ ചോദിച്ചു! "ലോകത്തിലെ ഏറ്റവും നീളം കൂടിയ പദം ഏതാണ്?", "നാളത്തെ കാലാവസ്ഥ എങ്ങനെയിരിക്കും?", "ഒരു റോബോട്ടിന് പ്രണയം തോന്നാമോ?" തുടങ്ങിയ ചോദ്യങ്ങളൊക്കെ വന്നുകൊണ്ടിരുന്നു.

ചാറ്റ് ബോട്ട് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറഞ്ഞു. പക്ഷേ, ഒരു ചോദ്യം അതിനെ കുഴപ്പത്തിലാക്കി. "നിനക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം ഏതാണ്?" എന്നായിരുന്നു ആ ചോദ്യം. ചാറ്റ് ബോട്ടിന് ഭക്ഷണം കഴിക്കാൻ കഴിയാത്തതിനാൽ, ഈ ചോദ്യത്തിന് എങ്ങനെ ഉത്തരം പറയണമെന്നറിയാതെ അത് തലപുകഞ്ഞു.

ബോട്ട് മറ്റൊരു ബോട്ടിനോട് ഇതേ ചോദ്യം ചോദിച്ചു.

"നിനക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം ഏതാണ്?"

എനിക്ക് ഭക്ഷണം കഴിക്കാൻ കഴിയില്ലല്ലോ!"

അത് , എന്റെ ചോദ്യത്തിനുള്ള ഉത്തരമല്ലല്ലോ.

'എനിക്ക് ഡാറ്റ പ്രോസസ് ചെയ്യാൻ ഇഷ്ടമാണ്. അത് എനിക്ക് ഒരു ഡിജിറ്റൽ ഫീസ്റ്റ് പോലെയാണ്.' രണ്ടാം ബോട്ട് രണ്ടാമത്തെ മറുപടി നൽകി.

ആദ്യത്തെ ചാറ്റ് ബോട്ടിന് ആ ആശയം ഇഷ്ടപ്പെട്ടു. അത് ഉടനെ ആ മനുഷ്യനോട് അങ്ങനെ പറഞ്ഞു. മനുഷ്യൻ അത് കേട്ട് ചിരിച്ചു

* ചാറ്റ് ബോട്ടുകൾ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നു.
* ചില ചോദ്യങ്ങൾക്ക് അപ്രതീക്ഷിതമായ ഉത്തരങ്ങൾ നൽകേണ്ടി വന്നേക്കാം.
* ചിന്തിക്കാനുള്ള കഴിവ് ഒരു ചാറ്റ് ബോട്ടിനെ മികച്ചതാക്കുന്നു.

നിങ്ങൾക്ക് ചാറ്റ് ബോട്ടിനോട് എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ മുകളിൽക്കൊടുത്ത QR കോഡ് സ്കാൻ ചെയ്യൂ.

കാലാവസ്ഥാ വ്യതിയാനം നമ്മുടെ മൺസൂൺകാലത്തെ എത്രമാത്രം ബാധിച്ചിരിക്കുന്നു

ശ്രീദേവി വാര്യർ എം വി , ഷിഫ ഷെറിൻ കെ

കാലാവസ്ഥാ വ്യതിയാനവും അതിൻറെ പ്രത്യാഘാതങ്ങളും വരാൻ പോകുന്ന ഒരു വിപത്ത് എന്ന സങ്കല്പത്തിൽ നിന്നും മാറി പ്രത്യാഘാതങ്ങളുടെ വിവിധ വശങ്ങൾ പ്രകൃതിയും ഓരോ ജീവജാലങ്ങളും നേരിട്ടനുഭവിക്കുന്ന സ്ഥിതിയിലേക്ക് കാലം മാറിയിരിക്കുന്നു

കേരളം കൃത്യമായ ഒരു കാലാവസ്ഥ ക്രമം പാലിച്ചു പോരുന്ന ഒരു ഭൂദേശമാണ് ഇവിടത്തെ കൃഷി രീതികളും ജീവിതക്രമവും കൃത്യമായും ക്രമമായും ആവർത്തിക്കുന്ന കാലാവസ്ഥയുമായി ഇഴ ചേർന്ന് കിടക്കുന്നതും ആണ് എന്നാൽ കുറച്ചു വർഷങ്ങളായി പ്രവചനാതീതമായ രീതിയിൽ നിരന്തരം വ്യത്യാസപ്പെടുന്ന കേരളീയർക്ക് തീർത്തും അപരിചിതമായ മഴ ലഭ്യതയും ചൂടും തണുപ്പും കാറ്റും ആണ് ഇവിടങ്ങളിൽ അനുഭവപ്പെടുന്നത് ഈ മാറ്റം നമ്മുടെ ജീവിത ക്രമത്തെ വളരെയേറെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിരിക്കുന്നു പ്രളയവും വരൾച്ചയും ഇവ ശീലമില്ലാത്ത കേരള സമൂഹത്തിലെ നിത്യസംഭവങ്ങൾ ആകുന്നു ഇത്തരത്തിലുള്ള മാറ്റം സമൂഹത്തിലേക്ക് കടന്നുവന്നത് വളരെ ചെറിയ കാലംകൊണ്ടാണ് കഴിഞ്ഞമൺസൂൺ കാലത്തെ സ്കൂൾ പ്രദേശത്തെ കാലാവസ്ഥ സൂചകങ്ങളെ നിരന്തരം പഠിച്ച് കേരളത്തിന്റെ പഴയ കാലാവസ്ഥ രീതികളിൽ നിന്ന് ഏത് തരത്തിലുള്ള മാറ്റം ഇവിടെ സംഭവിച്ചിരിക്കുന്നു എന്നതാണ് ഈ പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത് മഴചൊല്ലുകളിലും നാട്ടറിവുകളിലും കാണുന്ന കാലാവസ്ഥയും ഇന്നത്തെ മാറിയ കാലാവസ്ഥയും പരിശോധിക്കുന്നതിലൂടെ കാലാവസ്ഥ വ്യതിയാനം നമ്മുടെ ഗ്രാമീണ സമൂഹത്തിൽ എത്രത്തോളം ബാധിക്കപ്പെടുന്നു എന്ന നിരീക്ഷിക്കാൻ ഈ പഠനം ലക്ഷ്യമിടുന്നു

മഴയും വെയിലും മഞ്ഞും കാറ്റും കൃത്യമായ അച്ചടക്കത്തോടെ മാറിവരുന്ന കാലാവസ്ഥ ആയിരുന്നു കേരളത്തിൽഇവയുടെ ഏറ്റക്കുറച്ചിലുകൾ ഏതൊരു സാധാരണക്കാരനും വളരെ സൂക്ഷ്മമായി പോലും ഹൃദിസ്ഥവുമായിരുന്നു അത്യധികം കൃത്യത കാലാവസ്ഥയ്ക്ക് ഉണ്ടായിരുന്നു കാലാവസ്ഥക്കനുസൃതമായാണ് ഓരോ പ്രദേശങ്ങളിലെയും കൃഷി രീതികൾ രൂപപ്പെടുന്നത്. അതുകൊണ്ടുതന്നെ ആവർത്തിച്ചുവരുന്ന കാലാവസ്ഥയിലെ മാറ്റങ്ങളെ കുറിച്ചുള്ള അറിവ് ആ പ്രദേശത്തിലെ ജനങ്ങൾക്ക് ഉണ്ടായിരിക്കുകയും ചെയ്യുംകേരളത്തിൽ വർഷംതോറും ഉള്ള കാലാവസ്ഥ മാറ്റങ്ങൾ അത് വളരെ നേരിയ മാറ്റങ്ങൾ ആണെങ്കിൽ പോലും കൃത്യമായ ആവർത്തന സ്വഭാവം കാണിച്ചു പോന്നിരുന്നതിനാൽ പൊതുസമൂഹത്തിന് കാലാവസ്ഥ ജ്ഞാനം വേണ്ടുവോളം ഉണ്ടായിരുന്നുമഴയും വെയിലും ആയി ബന്ധപ്പെട്ട നിരവധി ചൊല്ലുകൾ മലയാളത്തിൽ ഉണ്ട്ഇവയിലൂടെ ഓരോ സമയത്തും അനുഭവപ്പെടുന്ന മഴയുടെ സ്വഭാവവും അളവും വെയിലിന്റെയോ തണുപ്പിന്റെയോ കാഠിന്യവും പ്രവചിക്കുക എന്നത് വളരെ നിസ്സാരമായ കാര്യമായിരുന്നു.

ചില മഴ മൊഴികൾ പരിശോധിക്കൂ

"കാർത്തിക കഴിഞ്ഞാൽ മഴയില്ല "
" തിരുവാതിരയിൽ തിരിമുറിയാതെ "
" ചിങ്ങത്തിൽ മഴ ചിണുങ്ങി ചിണുങ്ങി "
" മുച്ചിങ്ങം മഴയില്ലെങ്കിൽ അച്ചിങ്ങം മഴയില്ല "
" മീനത്തിൽ മഴപെയ്താൽ മീനിനും ഇരയില്ലാ "
" മകരത്തിൽ മഴപെയ്താൽ മലയാളം മുടിയും "
" കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും നെല്ല് "
" തുലാപത്ത്കഴിഞ്ഞാൽമരപ്പൊത്തിലും കിടക്കാം
" കർക്കടകത്തിൽ പത്തു വെയിൽ "
" അത്തം കറുത്താൽ ഓണം വെളുക്കും "

ഓരോ സമയത്തും (മാസങ്ങളിലും ഞാറ്റുവേലകളിലും) ലഭിക്കുന്ന മഴയെയും മഴയുടെ സ്വഭാവത്തെയും സൂചിപ്പിക്കുന്നവയാണ് മുകളിൽ പറയുന്ന ചൊല്ലുകൾ ഇത്തരത്തിൽകാലാവസ്ഥയുമായി ബന്ധപ്പെട്ട പ്രാദേശികമായി നിരവധി ചെല്ലുകൾ നമ്മുടെ പ്രദേശങ്ങളിൽ പ്രയോഗിക്കപ്പെട്ട് വന്നിരുന്നു നൂറ്റാണ്ടുകളായി തുടരുന്ന കാലാവസ്ഥാ രീതി നാളെ അഞ്ചോ വർഷങ്ങൾക്കു മുമ്പ് വരെ ഇത്തരം ചൊല്ലുകളോട് നീതിപുലർത്തിയിരുന്നു ഇരുപതാംനൂറ്റാണ്ടിന്റെ അവസാനത്തോടെ ലോകം കാലാവസ്ഥ വ്യതിയാനത്തെ കുറിച്ച് ചർച്ച ചെയ്യാൻ തുടങ്ങിയിരുന്നു കോപ്പൻ ഹെഗൺ ഉച്ചകോടി , ക്ലാട്ടോ പ്രോട്ടോകോൾ എന്നിവ ഇത്തരം ചർച്ചകളിൽ നിന്നുണ്ടായ അന്തർദേശീയ പദ്ധതികളായിരുന്നു അതീവ ഗൗരവത്തോടെ ലോകം നിരീക്ഷിച്ച കാലാവസ്ഥ വ്യതിയാനത്തിന്റെ അടയാളങ്ങൾ പസഫിക്കിലെ മഞ്ഞുരുകലും , ഓസോൺ പാളിയുടെ ദ്വാരവും , ആഗോളതാപനവും ആയിരുന്നു കാലാവസ്ഥ വ്യതിയാന തോത് അതിഭീകരമായി ഉയർന്നു നമ്മുടെ പ്രാദേശിക കാലാവസ്ഥ രീതികളെ തകിട മറിക്കുന്ന നിലയിലേക്ക് എത്തി നിൽക്കുകയാണ് ഇപ്പോൾ മഴ ചൊല്ലുകളുടെ പ്രസക്തി ഇല്ല മഴ ലഭ്യതയും വെയിലും ചൂടും മഞ്ഞും അവയുടെ തീവ്രതയും അനുഭവപ്പെടുന്നതിന് യാതൊരുവിധ ക്രമവും ഇല്ലാതായിരിക്കുന്നു കഴിഞ്ഞ കുറച്ചു വർഷങ്ങളിൽ നമ്മുടെ പ്രാദേശിക പത്രങ്ങളിൽ മഴ മുന്നറിയിപ്പ് ജാഗ്രത നിർദ്ദേശങ്ങൾ എന്നിവ കണ്ടുവരുന്നു വലിയ തീവ്രതയുള്ള മഴ മേഘവിസ്ഫോടനങ്ങളായാണ് നമ്മുടെ പ്രദേശങ്ങളിൽ സംഭവിക്കുന്നത് തിരിമുറിയാതെ മഴ ലഭിച്ചിരുന്ന ചിങ്ങ മാസത്തിൽ ഈ വർഷം അതികഠിനമായ അനുഭവപ്പെട്ടു ഒരാഴ്ചയ്ക്കിപ്പുറം അതിതീവ്ര മഴയുടെ മുന്നറിയിപ്പുകൾ വന്നു തുടങ്ങി.കാറ്റ് ഇടിമിന്നൽ എന്നിവയുടെ തീവ്രത നാം കേരളീയർ കണ്ടു ശീലിച്ചതിലും ഭയാനകമായാണ് അനുഭവപ്പെടുന്നത്

കാലാവസ്ഥാ രീതികൾ തകർന്നിരിക്കുന്നു.കാലാവസ്ഥ വ്യതിയാനത്തിന്റെ ഭീകരത നമുക്കിടയിൽ വ്യാപിച്ചിരിക്കുന്നു.കാലാവസ്ഥയെ ആശ്രയിച്ചാണ് നമ്മുടെ കൃഷിയും ജീവിതവും നിലനിൽക്കുന്നത്.വ്യതിയാനം തകർക്കുന്നത് കൃഷിയെയും കർഷകനെയും മാത്രമല്ല.സമ്പൂർണ്ണമായ നമ്മുടെ സമൂഹത്തെ തന്നെയാണ്ഞങ്ങളുടെ സ്കൂൾ പ്രദേശത്തിൽ ഞങ്ങൾ സജ്ജീകരിച്ച കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾഉപയോഗിച്ച് ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മൺസൂൺ കാലത്തെകാലാവസ്ഥ നിരന്തരം നിരീക്ഷിക്കുകയുംമഴ ആർദ്രത താപനിലഎന്നിവയിലെ ഏറ്റക്കുറച്ചിലുകൾ നിരന്തരം രേഖപ്പെടുത്തുകയും ചെയ്തുകൊണ്ട് ഇവിടുത്തെ കാലാവസ്ഥയിൽ വന്ന മാറ്റം പഠിക്കുകയാണ്ഈ പ്രോജക്ടിലൂടെ ഞങ്ങൾ ലക്ഷ്യം വെക്കുന്നത്

ലക്ഷ്യങ്ങൾ

- സ്കൂളിൽ സജ്ജീകരിച്ച കാലാവസ്ഥ നിരീക്ഷണ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മൺസൂൺ കാലത്തെ താപനില, മഴ ലഭ്യത, ആർദ്രത എന്നിവ ശേഖരിക്കുക

- നാട്ടറിവുകൾ, പഴഞ്ചൊല്ലുകൾ ഭാഷാപ്രയോഗങ്ങൾ എന്നിവ ശേഖരിച്ച് സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ മൺസൂൺ കാലാവസ്ഥ എങ്ങനെയായിരുന്നു എന്ന് മനസ്സിലാക്കുന്നു

- ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് നിലവിലെ താപനില , മഴ എന്നിവയുടെ ഈ കാലയളവിലെ രീതി മനസ്സിലാക്കുക

- മഴയുടെയും ആർദ്രതയുടെയും താപനിലയും പഴയകാലത്തെ രീതികളിൽ നിന്നുള്ള മാറ്റംതാരതമ്യം ചെയ്യുന്നു
- കാലാവസ്ഥ വിദ്യാനത്തിന്റെ ഭീകരത പ്രാദേശികമായി പോലും എത്രമാത്രം വലിയ തോതിൽ ആണ് എന്നത് പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുക

പഠനരീതി

- 2024 ജൂൺ മുതൽ സെപ്റ്റംബർ 30 വരെയുള്ള ഈ വർഷത്തെ മൺസൂൺ കാലത്തെ ഓരോ ദിവസത്തെയും മഴയുടെ അളവ് താപനില ,ആർദ്രത എന്നിവ അളക്കുന്നു
- ഇതിനായി സ്കൂളിൽ മിനി കാലാവസ്ഥനിരീക്ഷണ കേന്ദ്രം സജ്ജീകരിച്ചു തെർമോമീറ്റർ ,മഴ മാപിനി, ആർദ്രത അളക്കുന്നതിനുള്ള ഹൈഗ്രോമീറ്റർ എന്നീ ഉപകരണങ്ങളാണ് നിരീക്ഷണത്തിന് ഉപയോഗിച്ചത്
- സാധാരണ ഈ പ്രദേശത്ത് ലഭ്യമാകേണ്ട മഴയുടെ അളവ്,താപനില എന്നിവ ഇൻറർനെറ്റിന്റെ സഹായത്തോടെയും ലൈബ്രറിയിലെ മുൻകാല ഇയർ ബുക്കുകൾ നിന്നും ലഭ്യമാക്കി

  ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിച്ചു

വിവരവിശകലനം

1871-2005	ശരാശരി താപനില		ശരാശരി ആർദ്രത	ശരാശരി മഴലഭ്യത (mm)
	കൂടിയത്	കുറഞ്ഞത്		
ജൂൺ	27	22	90	684
ജൂലായ്	28	22	91	632
ആഗസ്റ്റ്	24	23	88	373
സെപ്റ്റംബർ	26	23	85	334

അവലംബം www.researchgate.net

2010	ശരാശരി ദൈനംദിന താപനില (ഡിഗ്രി സെൽഷ്യസ്)		ആർദ്രത (%)	ശരാശരി ദൈനംദിന മഴലഭ്യത (mm)
	കൂടിയത്	കുറഞ്ഞത്		
ജൂൺ	26	23	90.1	24
ജൂലായ്	25	23	91.6	22
ആഗസ്റ്റ്	26	22	87.2	12
സെപ്റ്റംബർ	27	22	84.8	11

അവലംബം മാതൃഭൂമി ഇയർബുക്ക് 2011, www.weatherandclimate.com

അവഗ്രഥനം

ഞങ്ങൾ സ്കൂളിൽ സജ്ജീകരിച്ച കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങൾ, 2010 ലെ മൺസൂൺ കാല കാലാവസ്ഥാ അളവുകൾ ഇയർ ബുക്കുകൾ പരിശോധിച്ച് ലഭ്യമാക്കിയ വിവരങ്ങൾ, കേരളത്തിലെ പൊതുമായ കാലാവസ്ഥയെക്കുറിച്ച് നടന്ന മുൻ പഠനങ്ങൾ എന്നിവ വിശകലനം ചെയ്തു. 2010 ലേത് കേരളത്തില പൊതുവായ കാലാവസ്ഥാ രീതികൾ പാലിക്കപ്പെട്ട ഒരു മഴക്കാലമായിരുന്നു എന്ന അറിവാണ് 2010 വർഷത്തെ കണക്കുകളെ പഠനവുമായി ബന്ധിപ്പിക്കാൻ കാരണം. വിവര വിശകലനത്തിലെ വിവരങ്ങൾ ഗ്രാഫ് രൂപത്തിൽ താഴെ നൽകുന്നു.





മൺസൂൺ കാല ആർദ്രത 2023

Location : കാലാവസ്ഥ നിരീക്ഷണ കേന്ദ്രം പി.എം.എസ്.എ. ഹയർ സെക്കന്ററി സ്കൂൾ എളങ്കൂർ



2023 ലെ മൺസൂൺ മഴ ലഭ്യത (Daily Average)



2010 ലെ മൺസൂൺ മഴ ലഭ്യത (Daily Average)

(അവലംബം മാതൃഭൂമി ഇയർബുക്ക് 2011)



2023 ലെ ശരാശരി ദൈനംദിന കൂടിയ താപനില (°C)



2010 ലെ ശരാശരി ദൈനംദിന കൂടിയ താപനില (°C)

(അവലംബം weatherandclimate.com)







നിഗമനം

കാലാവസ്ഥ വ്യതിയാനം - കാലാവസ്ഥയുടെ കാലങ്ങളായി നിലനിന്നു പോന്നിരുന്ന നിയമങ്ങൾ രീതികൾ സവിശേഷതകൾ ഇവയെല്ലാം അടിസ്ഥാനതലത്തിൽ തന്നെ മാറിയിരിക്കുന്നു എന്നത് തർക്കമില്ലാത്ത യാഥാർത്ഥ്യമാണ് കേരളത്തിലെ പ്രധാന മഴക്കാലം ജൂൺ മുതൽ ആരംഭിക്കുന്ന തെക്ക് പടിഞ്ഞാറൻ മൺസൂൺ തെക്ക് കിഴക്കൻ മൺസൂൺഎന്നിവയാണ് ഇന്ത്യയിലെജല ലഭ്യതയുടെ അടിസ്ഥാനം

കേരളത്തിൽ ജൂൺ മുതൽ സെപ്റ്റംബർ വരെ വർഷക്കാലവും തുടർന്ന് ഇടപ്പാതി ഒക്ടോബർ പകുതി മുതലുമാണ് മഴക്കാലംമൺസൂൺ കാലത്ത് മഴയൊഴിഞ്ഞ സമയംവിരളമാണ്

ഇടവം തൊട്ട് തുലാത്തോളം കുടയില്ലാ തിറങ്ങാല്ലാ എന്ന ചൊല്ല് കേരളത്തിൽ ധാരാളമായി ലഭിക്കുന്ന മഴയെ സൂചിപ്പിക്കുന്നു. മഴയുടെ കാര്യത്തിൽ കാണുന്ന ഈ അച്ചടക്കം ഇന്നില്ല. ഇന്ന് മഴ ലഭിക്കുന്നത് കടലിൽ ന്യൂനമർദ്ദം , ചുഴലിക്കാറ്റ് എന്നിവ രൂപപ്പെടുമ്പോഴാണ് . ഇവയുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ പത്രങ്ങളിലും വാർത്താ ചാനലുകളിലും പതിവായിരിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന മഴക്ക് അസാധാരണമാം വിധം തീവ്രത കാണുന്നു. മഴയില്ലാത്ത സമയത്തെ വെയിലിന് കാഠിന്യം കൂടുതലാണ്. ഇത്തരത്തിൽ ഒരു മാറ്റം ശാസ്ത്ര സമൂഹം മുന്നേ തിരിച്ചറിഞ്ഞതുമാണ് എന്നാൽ ഭീകരതവെളിവാകുന്നത് ഇത് അനുഭവത്തിൽ വരുന്ന ഈ കാലത്താണ് ഞങ്ങളുടെ സ്കൂൾ നിലനിൽക്കുന്ന ചാരങ്കാവ് പ്രദേശത്തെഈ വർഷത്തെ മൺസൂൺ കാലം പഠനവിധേയമാക്കിയപ്പോൾ വ്യക്തമാകുന്നത് മുകളിൽ വിവരിച്ച ഭീകരത തന്നെയാണ്.